പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3687 24/06/2014-ൽ മറുപടിക്ക്

# സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കാനുള്ള നയത്തിന് രൂപം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇത്തരം പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്; | (ബി) 2017-ഓടുകൂടി സ്വകാര്യ പങ്കാളിത്തത്തോടെ സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിത ശേഷി 145 മെഗാവാട്ടിൽ നിന്നും 295 മെഗാവാട്ട് ആയി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) പദ്ധതികൾക്ക് അനുമതി നൽകുന്നതും, അപേക്ഷകൾ സ്വീകരിക്കുന്നതും ആരാണ് എന്ന് വിശദമാക്കുമോ; | (സി) കേരള സർക്കാരിന്റെ ഊർജ്ജവകുപ്പാണ് പദ്ധതികൾക്ക് അനുമതി നല്കുന്നത്. ഇതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ഊർജ്ജവകുപ്പിന്റെ കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററാണ്. |
| (ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം പദ്ധതികൾ സമർപ്പിച്ചാൽ മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഇതിനായുള്ള നയരേഖയിൽതന്നെ 500kW വരെയുള്ള പദ്ധതികൾ തുടങ്ങുവാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നല്കിയിട്ടുണ്ട്. 100kW വരെയുള്ള മൈക്രോ ജലവൈദ്യുതപദ്ധതികൾ തുടങ്ങുവാനും വൈദ്യുതി വിതരണത്തിനും പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് പ്രത്യേക അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ